**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 194** **12-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവിംഗ്സ് അക്കൗണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന വിവിധ നികുതിയിനത്തിലുള്ള പണം, വാടക വരുമാനം എന്നിവ നിലവിൽ ബാങ്കുകളിലാണോ നിക്ഷേപിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | പ്രാദേശിക സർക്കാരുകൾ പ്രാഥമിക സഹകരണസംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ ബാങ്കുകളിലോ ദേശസാൽകൃത വാണിജ്യബാങ്കുകളിലോ ട്രഷറി സേവിങ്സ് ബാങ്കിലോ ആണ് അവരുടെ തനത് ഫണ്ട് സൂക്ഷിക്കുന്നത്. |
| (ബി) | ഈ തുക സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 17.04.2020-ൽ തീരുമാനം കൈക്കൊണ്ടു എങ്കിലും ലോക്ഡൗൺ കഴിഞ്ഞ് സർക്കുലർ പുറപ്പെടുവിച്ചാൽ മതി എന്ന് 29.04.2020 ന് തീരുമാനിച്ചിരുന്നു. പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ട് 01-04-2022 മുതൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 18-09-2021 ന് 80/2021/ധന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഈ നീക്കത്തിലൂടെ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി എത്രമാത്രം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ; | (സി) | പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടുകൾ ട്രഷറി സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കുന്നതായിരിക്കും അഭികാമ്യം. കൂടാതെ ചെലവഴിക്കാതെ കിടക്കുന്ന തുക ട്രഷറിയിൽ ബാലൻസായി നിൽക്കുകയും ചെയ്യുന്നതാണ്. ഇത് സാമ്പത്തിക മാനേജ്മെന്റിന്റെ ഭാഗം മാത്രമാണ്. അതല്ലാതെ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഉപാധിയായിട്ടല്ല ഈ തീരുമാനത്തെ വിലയിരുത്തേണ്ടത്. |
| (ഡി) | ഈ തുക പിൻവലിക്കുന്നതിന് ട്രഷറി നിയന്ത്രണങ്ങൾ ബാധിക്കുമെന്ന ആശങ്ക ഉയർന്നിട്ടുള്ളത് പരിശോധിക്കുമോ? | (ഡി) | പ്രാദേശിക സർക്കാരുകളുടെ സ്പെഷ്യൽ ടി .എസ് .ബി (TSB) അക്കൗണ്ടിന് വെയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങൾ ബാധകമല്ല. അവർക്ക് ആവശ്യാനുസരണം ഫണ്ട് എപ്പോൾ വേണമെങ്കിലും പിൻവലിക്കാം. ഇക്കാര്യം 18.09.2021 -ലെ 80/2021/ ധന സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയതിനാൽ ഇങ്ങനെയൊരു ആശങ്ക അസ്ഥാനത്താണ്. |

സെക്ഷൻ ഓഫീസർ

# വിശദീകരണ കുറിപ്പ്

26-05-2011 ലെ 58725/FM3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടുകൾ ഒരു ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാൻ അനുമതി നൽകുകയുണ്ടായി. ഈ സർക്കുലർ പുറപ്പെടുവിക്കുന്നതിന് മുൻപ് ട്രഷറിയിലോ പോസ്റ്റാഫീസ് സേവിങ്സ് ബാങ്കിലോ സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കിലോ ആണ് പ്രാദേശിക സർക്കാരുകൾ തനതു ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്. ചില പ്രാദേശിക സർക്കാരുകൾ ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ ഈ ആവശ്യത്തിനായി തുറന്നിരുന്നു. ഒന്നിലധികം സഹകരണ/ദേശസാൽകൃത ബാങ്ക് അക്കൗണ്ടുകൾ തുറക്കുന്നത് അഭികാമ്യമല്ലാത്തതിനാലാണ് 2011 -ലെ ടി സർക്കുലർ പുറപ്പെടുവിച്ചത്. തനതു ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കരുത് എന്ന നിർദ്ദേശമൊന്നും അന്ന് നൽകിയിരുന്നില്ല. കൂടാതെ 1996 -ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് ഫണ്ട് ഗവൺമെന്റ് ട്രഷറിയിലോ പോസ്റ്റ് ഓഫീസ് സേവിങ്സ് ബാങ്കിലോ സഹകരണ രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള സഹകരണ ബാങ്കിലോ ദേശസാൽ കൃത ബാങ്കിലോ സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ പ്രാഥമിക സഹകരണസംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ ബാങ്കുകളിലോ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലോ ആണ് അവരുടെ തനത് ഫണ്ട് സൂക്ഷിക്കുന്നത്. എന്നാൽ, പ്രാദേശിക സർക്കാരുകൾക്ക് ആവശ്യമായ വികസനഫണ്ട്, സംരക്ഷണഫണ്ട്, പൊതുആവശ്യ ഫണ്ട് എന്നിവ ട്രഷറി വഴിയാണ് സഞ്ചിതനിധിയിൽ നിന്നും മാറിയെടുക്കുന്നത്. അതായത്, പ്രാദേശിക സർക്കാരുകളുടെ പണമിടപാടുകളുടെ മുഖ്യ പങ്കം ഇതിനകം തന്നെ ട്രഷറി വഴിയാണ് നടത്തിവരുന്നത്. പൊതുആവശ്യഫണ്ട് തനതു ഫണ്ടിനു തുല്യമായിട്ടാണ് കണക്കാക്കുന്നത്. ഈ തുക സ്പെഷ്യൽ TSB അക്കൗണ്ടിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്. പ്രാദേശിക സർക്കാരുകളുടെ ടി.എസ്.ബി അക്കൗണ്ടുകൾക്ക് വെയ്സ് ആൻഡ് മീൻസ് നിയന്ത്രണങ്ങൾ ബാധകമല്ല. അത് കൊണ്ട് തന്നെ പ്രാദേശിക സർക്കാരുൾക്ക് അവരുടെ ആവശ്യാനുസരണം ടി അക്കൗണ്ടുകളിൽ നിന്നും ഫണ്ടുകൾ പിൻവലിക്കാൻ കഴിയും. ഇതേ മാതൃകയിൽ തന്നെയാണ് തനതു ഫണ്ടുകളും ട്രഷറിയിൽ നിക്ഷേപിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിന്റെ നിയന്ത്രണം ഏറ്റെടുക്കാനുള്ള മാർഗ്ഗമാണ് പ്രസ്തുത നടപടിയെന്ന ആക്ഷേപം വസ്തുതാപരമല്ല. ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് പകരം സംസ്ഥാന ട്രഷറിയിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശം മാത്രമാണ് നൽകിയിട്ടുള്ളത്. ഈ നിക്ഷേപങ്ങൾക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണങ്ങളും ബാധകമല്ല. അവർക്ക് ആവശ്യാനുസരണം ഫണ്ട് എപ്പോൾ വേണമെങ്കിലും പിൻവലിക്കാം. ആയതിനാൽ അവരുടെ തനതു ഫണ്ടും സ്പെഷ്യൽ TSB അക്കൗണ്ടിൽ സൂക്ഷിക്കുന്നതായിരിക്കും ഉചിതം. കൂടാതെ ചിലവഴിക്കാതെ കിടക്കുന്ന തുക ട്രഷറിയിൽ ബാലൻസായി നിൽക്കുകയും ചെയ്യും. സംസ്ഥാന സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോൾ ഈ തീരുമാനം കൂടുതൽ അഭികാമ്യമായിരിക്കും. ഈ വിഷയം സംബന്ധിച്ച തീരുമാനം 17/4/2020 ൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുൻ ധനകാര്യ മന്ത്രി ഫയലിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും കോവിഡ് ലോക്ക്ഡൗൺ കാലം കഴിഞ്ഞ് സർക്കുലർ പുറപ്പെടുവിച്ചാൽ മതിയെന്ന് 29/4/2020 ൽ നിർദ്ദേശിക്കുകയായിരുന്നു. തുടർന്ന് നിലവിലെ ബഹു. ധനകാര്യ മന്ത്രിയുടെ 16/9/2021 ലെ ഉത്തരവ് പ്രകാരം ഈ നിർദ്ദേശങ്ങൾ 1/4/2022 പ്രാബല്യത്തിൽ നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുകയും ആയതു പ്രകാരം 18/09/2021 ലെ 80/2021/ധന സർക്കുലർ പുറപ്പെടുവിക്കുകയുമായിരുന്നു.